# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1012** **21/03/2013-ൽ മറുപടിക്ക്**

## സുരക്ഷ അറ്റ് സ്കൂൾ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സുരക്ഷ അറ്റ് സ്കൂൾ പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദ മാക്കുമോ ; | (എ) സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും കുട്ടികൾക്ക് ജീവഹാനിയുണ്ടാക്കുന്നതും പരിക്ക് പറ്റുന്നതും ഒഴിവാക്കുന്നതിനായി സ്കൂൾ വാഹനങ്ങളെയും, കുട്ടികളെയും ട്രാക്ക് ചെയ്യുന്നതാണ് സുരക്ഷാ അറ്റ് സ്കൂൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) സ്കൂൾ ബസ്സുകളുടെ നിയന്ത്രണം, കുട്ടികളുടെ യാത്രാ നിരീക്ഷണം, അത്യാഹിത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അടിയന്തര സന്ദേശം നൽകുന്നതിനുള്ള സംവിധാനം എന്നിവ ഉൾപ്പെടെ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കുട്ടികൾ സ്കൂളിൽ എത്തിച്ചേരുന്നതും, സ്കൂൾ വിട്ട് പോകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ തുടർച്ചയായ നിരീക്ഷണം, സ്കൂൾ ബസ്സുകളുടെ ട്രാക്കിംഗ്, സ്കൂൾ മാനേജ്മെന്റ്, ബസ് ഡ്രൈവർമാർ, രക്ഷിതാക്കൾ, മറ്റ് ഗുണഭോക്താക്കൾ എന്നിവരുമായി ആശയവിനിമയം നടത്തുന്നതിനുമുള്ള സംവിധാനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ പോലീസ്, അഗ്നിശമന സേന, സ്കൂൾ മാനേജ്മെന്റ്, രക്ഷിതാക്കൾ എന്നിവർക്ക് സന്ദേശങ്ങൾ അയക്കുന്നതിനും സാധിക്കുന്നതാണ്. സംസ്ഥാനത്തുടനീളമുള്ള സ്കൂൾ വിദ്യാർത്ഥികളുടെ ഒരു ഇലക്ട്രോണിക് റിക്കാർഡ് രൂപപ്പെടുത്തുന്നതിനും ഇത് സഹായകമാവും. കൂടാതെ വാഹനങ്ങളുടെ അമിത വേഗത, അനുവദനീയമായതിലധികം കുട്ടി |

കളെ സ്കൂൾ വാഹനങ്ങളിൽ കയറ്റുന്നത്, അപകടകരമായ ഡ്രൈവിംഗ് എന്നിവ റിക്കാർഡ് ചെയ്യുന്നതിനും അതുമൂലം അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും.

കുട്ടികൾ സ്കൂളിൽ പ്രവേശിക്കുന്നതും, പുറത്തേക്ക് പോകുന്നതും സംബന്ധിച്ച് രക്ഷിതാക്കൾക്ക് വിവരം ലഭിക്കും. കുട്ടികൾ സ്കൂളിൽ എത്തിയില്ലെങ്കിൽ അക്കാര്യവും രക്ഷിതാക്കൾക്ക് അറിയാനാകും. കൂടാതെ സ്കൂൾ വാഹനങ്ങൾ എപ്പോൾ എത്തിച്ചേരും എന്നത് സംബന്ധിച്ചും രക്ഷിതാക്കൾക്ക് മുൻകൂട്ടി സന്ദേശം ലഭിക്കും.

വാഹനങ്ങളുടെ മെയിന്റനൻസ്, ഡ്രൈവർമാരെ സംബന്ധിച്ച വിവരങ്ങൾ എന്നിവ സ്കൂൾ മാനേജ്മെന്റിന് ഈ പദ്ധതിയിലൂടെ ലഭ്യമാകും. സ്കൂൾ പ്രിൻസിപ്പൽമാർക്ക് വളരെ വേഗത്തിൽ ദിനംപ്രതിയുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നതാണ്.

പോലീസ്, വിദ്യാഭ്യാസ വകുപ്പ്, അഗ്നിശമനസേന എന്നിവയ്ക്ക് വിദ്യാർത്ഥികളെ സംബന്ധിച്ച് വിവരം ലഭിക്കുന്ന ഒരു സ്ഥിരം സംവിധാനമായിരിക്കും ഇത്.

| | |
|---|---|
| (സി) ഏതെല്ലാം സർക്കാർ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) സർക്കാർ ഏജൻസികളിൽ നിന്നും അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) അപകടത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുമോ; വിശദമാക്കുമോ ? | (ഡി) പദ്ധതിയിൽ അംഗമാകുന്ന ഓരോ വിദ്യാർത്ഥിയ്ക്കും ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ്, പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകിയ കമ്പനിയായ എക്സാൾട്ട് ഇന്റഗ്രൽ സൊല്യൂഷൻസ് വാഗ്ദാനം നൽകിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ